എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടായിരുന്ന സീറ്റുകൾ

109 (1145) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ്-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2014-15 അദ്ധ്യയന വർഷം ആകെ എത്ര സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്ന് പറയാമോ ;

(ബി) ഇതിൽ ഓരോ സംവരണ വിഭാഗങ്ങൾക്കും എത്ര സീറ്റുകൾ വീതം ഉണ്ടായിരുന്നുവെന്ന് പറയാമോ ;

(സി) ഇവയിൽ എല്ലാ സീറ്റുകളിലും പ്രവേശനം നൽകിയിട്ടുണ്ടോ ;

(ഡി) എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും വിശദമാക്കുമോ ?

ഉത്തരം

(എ) 2014-ലെ ആകെ സീറ്റുകളും അലോട്ട്മെന്റിന് ലഭ്യമായ സർക്കാർ സീറ്റുകളുടെയും വിവരം ചുവടെ ചേർക്കുന്നു :

കോളേജുകൾ	ആകെ സീറ്റുകൾ	അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകൾ
സർക്കാർ കോളേജ്	3381	3319
എയ്ഡഡ് കോളേജ്	1703	1417
സർക്കാർ സ്വാശ്രയ കോളേജ്	7514	6551
സ്വകാര്യ സ്വാശ്രയ കോളേജ്	46622	24676
ആകെ സീറ്റുകൾ	59220	35963

(ബി&സി) 2014-ൽ ഓരോ വിഭാഗത്തിനും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകളുടെയും പ്രവേശനം നേടിയവരുടെയും അലോട്ട്മെന്റിനുശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെയും വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം	ആകെ	പ്രവേശനം നേടിയവർ	ഒഴിവ്
ജനറൽ	23699	14165	9534
ഈഴവ	1447	1144	303
മുസ്ലീം	1243	991	252
ബാക്ക്‌വേഡ് ഹിന്ദു	766	625	141
ലാറ്റിൻ കത്തോലിക്	254	224	30
ബാക്ക്‌വേഡ് ക്രിസ്ത്യൻ	105	95	10
കുടുംബി	80	75	05
എസ്.സി.	1492	1075	417
എസ്.റ്റി.	541	82	459
മറ്റുള്ളവ	6336	5306	1030

(ഡി) വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ ലഭ്യമാകാത്തതിനാൽ 12181 സീറ്റുകളിൽ അലോട്ട്‌മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല.

കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം

110 (1146) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റികളിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം ;

(ബി) യൂണിവേഴ്സിറ്റികളിൽനിന്നും ഡോക്ടറേറ്റ് നേടിയ ആരുടെയെല്ലാം പ്രബന്ധങ്ങൾ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽനിന്നും അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly